LIBRARY ARCHIVES Kerala Legislative Assembly

## നെൽ കർഷകരുടെ സബ്സിഡി പിൻവലിച്ചത്

153 (1567) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകരുടെ സബ്സിഡി ഇക നൽകാനുള്ള തീരുമാനം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സബ്സിഡി പിൻവലിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നെല്ലിന്റെ ഗുണനിലവാര മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നെല്ല് സംഭരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. അതു പ്രകാരമുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ താഴെ ചേർത്തിരിക്കുന്നു :

| നമ്പർ | ഘടകങ്ങൾ | പരമാവധി ശതമാനം (%) |
|---|---|---|
| 1 | ബാഹ്യവസ്തുക്കൾ | |
| | (a) ജൈവം | 1.0 |
| | (b) അജൈവം | 1.0 |
| 2 | കേടായത്, നിറം മങ്ങിയത്, മുളച്ചത്, കീടബാധയേറ്റത് | 3.0 |
| 3 | പാകമാകാത്തതും ചുരുങ്ങിയതും | 3.0 |
| 4 | താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ | 6.0 |
| 5 | ഈർപ്പം | 17.0 |

(ഡി) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിന് ആവശ്യമായ മില്ലുകൾ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഏകോപനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾതന്നെ ഇലക്ട്രോണിക് പാഡി റസീപ്റ്റ് ഷീറ്റ് (e-PRS) നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു.

**നെൽ കർഷകർക്ക് ആനുകൂല്യങ്ങൾ**

154 (1568) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽ കർഷർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ വർഷം സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന് മുൻകൂർ പണം നൽകുമെന്ന വാഗ്ദാനം സർക്കാർ നൽകിയിരുന്നോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) നെൽ കർഷർക്ക് നൽകിയിട്ടുള്ള ഈ വാഗ്ദാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) സംഭരിച്ച നെല്ലിന് കൂടിശ്ശിക ഇനത്തിൽ എന്ത് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly